കോട്ടയത്തെ ടി ബി മീറ്റിലെ ഏറ്റവും ആകാംഷ നിറഞ്ഞ നിമിഷങ്ങൾ ഷോർട്ട് മൂവി ഫെസ്റ്റിവൽ അവാർഡ് പ്രഖ്യാപനചടങ്ങ് ആയിരുന്നു. ഓരോ അവാർഡ് പ്രഖ്യാപനവും നിറഞ്ഞ കയ്യടികളോടെയാണ് കാണികൾ മനസ്സിൽ ഏറ്റുവാങ്ങിയത്. വീർപ്പടക്കി നിൽക്കുന്ന മത്സരാർത്ഥികളുടെ മുഖഭാവങ്ങൾ വേദിയിൽ നിന്നവർക്ക് മാത്രമേ ദൃശ്യമായിരുന്നുള്ളൂ.

ഏറ്റവും മികച്ച നടിയെ പ്രഖ്യാപിക്കുമ്പോൾ ലിഫ്റ്റ് എന്ന ഹ്രസ്വചിത്രത്തിലെ നായികയുടെ കണ്ണുകൾ നിറഞ്ഞത് അത്തരം ഒരപൂർവദൃശ്യാനുഭവം.
നെഞ്ചിടിപ്പോടെ, അത്ഭുതം കൂറിയ മിഴികളോടെ വേദിയിലേക്ക് അവാർഡ് ഏറ്റുവാങ്ങാനെത്തിയ ആ നടിയാണ് മീറ്റിന് ശേഷമുള്ള ആദ്യദളമായി ഈ പേജിനെ സംപുഷ്ടമാക്കുന്നത്.

അശ്വതി മുരളീധരൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
താനൂർ ശാഖ.

കാലടി സ്വദേശികളായ ശ്രീശങ്കര കോളേജ് ഓഫീസ് സ്റ്റാഫ് ആയ മുരളീധരൻ നായരുടെയും പെരുമ്പാവൂരിലെ ഒരു സ്വകാര്യആശുപത്രിയിൽ ഫാർമസിസ്റ്റ് ആയി ജോലി നോക്കുന്ന പ്രസന്നയുടെയും രണ്ട് പെണ്മക്കളിൽ ഇളയവളാണ് അശ്വതി. അശ്വതിയുടെ ചേച്ചി ജ്യോതി പെരുമ്പാവൂർ ആശ്രമം സ്കൂളിൽ അധ്യാപികയാണ്. ഒപ്പം നൃത്താലയ എന്നൊരു ഡാൻസ് സ്കൂൾ നടത്തുകയും ചെയ്യുന്നു.

കുട്ടിക്കാലം മുതലേ അന്തർമുഖയായിരുന്നു അശ്വതി. അത് കൊണ്ട് തന്നെ 10 വരെയുള്ള ചെങ്ങൽ സെയിന്റ് ജോസഫ് ഗേൾസ് ഹൈസ്കൂളിലോ പ്ലസ് ടുവിന് പഠിച്ച മാണിക്കമംഗലം എൻ എസ് എസ് ഹയർസെക്കന്ററി സ്കൂളിലോ ഒരു വ്യക്തിഗതമൽസരങ്ങളിലും അശ്വതി പങ്കെടുത്തിരുന്നില്ല. എന്നാൽ സംഘനൃത്തം, തിരുവാതിര തുടങ്ങിയ ഇനങ്ങളിൽ സബ് ജില്ലാ തലത്തിലും ജില്ലാതലത്തിലും ഒക്കെ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിരുന്നു.

ഊർജതന്ത്രത്തിൽ ബിരുദവിദ്യാർത്ഥിനി ആയിരുന്ന കാലടി ശ്രീശങ്കര കോളേജിലോ, ബയോ ഇൻഫർമാറ്റിക്സിൽ ബിരുദാനന്തരബിരുദം നേടിയ എടത്തല എം ഇ എസ് കോളേജിലോ ഈ അവസ്ഥയിൽ മാറ്റമുണ്ടായില്ല, നർത്തകിയായ ചേച്ചിയുടെ പ്രോത്സാഹനം ഉണ്ടായിട്ടും.

2013ൽ ആണ് അശ്വതി ബാങ്ക് ജോലിയിൽ പ്രവേശിക്കുന്നത്. എസ് ബി ടി യുടെ ഓടക്കാലി ശാഖയിൽ.
എസ് ബി ടി യുടെ ലയനത്തിന് ശേഷം 2018 ൽ എസ് ബി ഐയുടെ പായിപ്ര ശാഖയിലേക്ക്. അവിടെ നിന്നും 2021ൽ നെല്ലിക്കുഴി ശാഖയിലേക്ക്. 2022ൽ

പ്രൊമോഷനോടെ താനൂർ ശാഖയിൽ സർവീസ് മാനേജർ പദവിയിലേക്ക്. അതേ ശാഖയിൽ ഗോൾഡ് ലോൺ ഓഫീസർ ആയി ഇപ്പോഴും തുടരുന്നു.

വിവാഹം കഴിഞ്ഞ് മോളും ആയ ശേഷം മോളുടെ സ്കൂളിൽ അമ്മമാരുടെ പരിപാടിയിലാണ് ഏറെ വർഷങ്ങൾക്ക് ശേഷം അശ്വതി വേദിയിൽ എത്തുന്നത്. അന്നും തനിച്ച് ഒരു പ്രകടനം,വല്ലാത്ത മടിയായിരുന്നു.

ചേച്ചിയുടെ സ്നേഹപൂർണമായ നിർബന്ധങ്ങൾക്ക് വഴങ്ങി അഞ്ചാം ക്ലാസ്സിൽ അശ്വതി ചേച്ചിക്കൊപ്പം കലാമണ്ഡലം സുമതി ടീച്ചറുടെ കീഴിൽ നൃത്തപഠനം ആരംഭിച്ചെങ്കിലും പത്താം ക്ലാസ്സിൽ അതിന് ഒരു ഇടവേള വന്നു. പിന്നെ 2018 ൽ അതിന് ഒരു തിരിച്ചു വരവുണ്ടായി. ശാസ്ത്രീയമായി തന്നെ, ആദ്യം ചേച്ചിയുടെ അടുത്തും പിന്നെ ഫെഡറൽ ബാങ്കിൽ നിന്നും വിരമിച്ച, നാട്യാലയ എന്ന പേരിൽ വിദ്യാലയം നടത്തി വരുന്ന രവികുമാർ സാറിന്റെ ഒപ്പവും.

ഇന്ന് ചേച്ചിയുടെ നൃത്തവിദ്യാലയത്തിന്റെ വാർഷികത്തിനും ടി ബി മീറ്റുകൾക്കും അശ്വതി ഒരു സ്ഥിരം സാന്നിദ്ധ്യം ആയിക്കഴിഞ്ഞു.

ടി ബി യാണ് അശ്വതിയുടെ ജീവിതത്തെ മാറ്റി മറിച്ചത്. സമാനചിന്താഗതിയുള്ള സുഹൃത്തുക്കൾ, ആ വേദിയിൽ കിട്ടുന്ന പ്രോത്സാഹനം ഒക്കെ അശ്വതിയിൽ മാറ്റങ്ങളുടെ അലയൊലി ഉണ്ടാക്കി.

തന്നിൽ ഒരു ചിത്രകാരി ഉണ്ടെന്ന തിരിച്ചറിവ് തന്നെ ടി ബി നൽകിയതാണെന്ന് അശ്വതി വിശ്വസിക്കുന്നു. അതിലുപരി അശ്വതി ഒരു നല്ല ഫോട്ടോഗ്രാഫർ കൂടിയാണെന്ന് സുധി സാക്ഷ്യപ്പെടുത്തുന്നു. ഒരസിസ്റ്റന്റ് ഡയറക്ടർ ആയി തന്നോടൊപ്പം പ്രവർത്തിച്ച അശ്വതി വേണ്ടിവന്നാൽ ഒരു സംവിധായികയുടെ വേഷം അണിഞ്ഞാൽ പോലും അതിശയിക്കേണ്ടി വരില്ല എന്നും സുധി കൂട്ടിച്ചേർത്തു.

അശ്വതിയുടെ കഴിവുകൾ തിരിച്ചറിഞ്ഞ ടി ബി യിലെ പല പ്രമുഖരും അശ്വതിയെ തങ്ങളുടെ കൂട്ടത്തിലേക്ക് ക്ഷണിച്ചുതുടങ്ങിയത് അശ്വതിയിൽ ഒരുപാട് ചലനങ്ങളുണ്ടാക്കി.

ഒരു നർത്തകി എന്ന നിലയിൽ ഭാവങ്ങൾ മിന്നിമറയാൻ കഴിയുന്ന മുഖവും കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കാൻ കഴിയുന്ന അടുപ്പവും സമാനചിന്തകൾ ഉൾക്കൊള്ളാൻ ആവുന്ന മനസ്സും ഒക്കെയാണ് തന്റെ ചിത്രത്തിൽ അശ്വതിയെ നായികയാക്കാൻ പ്രചോദനം നൽകിയതെന്ന് ലിഫ്റ്റ് എന്ന ഹ്രസ്വചിത്രത്തിന്റെ സംവിധായകൻ അനുശീലൻ പറയുന്നു.

അഭിനയം ആദ്യമാണെന്നും സുധിയുടെയും അനുശീലന്റെയും പ്രോത്സാഹനം മാത്രമാണ് ഈ ചിത്രത്തിലേക്ക് തനിക്ക് വഴി

തുറന്നതെന്നും അശ്വതി പറയുമ്പോൾ ക്യാമറക്ക് പിന്നിൽ നിന്ന് താൻ കണ്ട അശ്വതിയുടെ ഭാവമാറ്റങ്ങൾ സമയപരിമിതി മൂലം പൂർണമായും സ്ക്രീനിൽ എത്തിക്കാൻ കഴിയാതെ പോയതിന്റെ വിഷമമാണ് അതിന്റെ ഛായാഗ്രാഹകൻ കൂടിയായ സുധിയെ അലട്ടുന്നത്.

അഞ്ചാം ക്ലാസ്സിലേക്ക് പ്രവേശനം കാത്തിരിക്കുന്ന അശ്വതിയുടെ മകൾ ദേവ്ന കാർത്തിക ഇപ്പോഴേ നൃത്തവിദ്യാർത്ഥിനിയാണ്. മകൾക്ക് കൂട്ടായി അശ്വതിയും പഠനം തുടരുന്നു. അടുത്ത ടി ബി മീറ്റിൽ ഒറ്റക്കൊരു നൃത്തം, അതാണ് അശ്വതിയുടെ സ്വപ്നം.

ചിത്രകാരിയായ അശ്വതി തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ കടലാസുകളെക്കാൾ തെരഞ്ഞെടുക്കുന്നത് ഇതരമാധ്യമങ്ങളാണ്.
വീടിന്റെ ചുവരുകൾ അങ്ങനെ ഒന്നാണ്.
സ്വന്തം ആഗ്രഹത്തിനനുസരിച്ച് വീട് നിർമിച്ച് ഗ്രഹപ്രവേശം നടത്തി നിൽക്കുന്ന അശ്വതിയുടെ വീടിന്റെ ചുവരുകൾ ഇനി ചിത്രങ്ങൾ കൊണ്ട് സമ്പന്നമാകട്ടെ. നല്ല ഒരു ഫോട്ടോഗ്രാഫർ ആയിരുന്നിട്ടും ഇടക്ക് വച്ച് നിർത്തിയ ആ ഇഷ്ടം പൂർവാധികം ഭംഗിയാക്കാൻ അടുത്തിടെ കൂടെ കൂട്ടിയ ക്യാമറയിൽ മനോഹരചിത്രങ്ങൾ വിടരട്ടെ.

മകൾ ദേവ്നക്കും കുടുംബത്തിനും ഒപ്പം ആലുവ വാഴക്കുളത്തെ പുതിയ വീട്ടിൽ അശ്വതിയുടെ ചിത്രങ്ങളും സ്വപ്നങ്ങളും നിറയട്ടെ എന്ന് ടി ബി കുടുംബം ഹൃദയപൂർവ്വം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

-----------------------------------------------------------------------------------------------

One of the most exciting moments of TB meet in Kottayam was the announcement of the awards for TB Short Movie Festival. Each award was welcomed by a thunderous applause from the crowd. The tensed faces of the contestants were visible only to those who were standing on the stage.

The heroine of the short film Lift's eyes were filled with such an unprecedented experience when the best actress award was announced. This artist who came to the stage to receive the award, with her chest pounding and her eyes full of wonders, is the first TB of the week after the Kottayam meet.

Aswathy Muralidharan
State Bank of India
Tanur branch

Aswathy is the youngest of two daughters of Mr. Muralidharan Nair, who is an office staff at Sri Shankara College and Mrs Prasanna, who is working as a pharmacist in a private hospital in Perumbavoor. Their family hails from Kaladi. Aswathy's elder sister Jyothi is working as a teacher in Ashramam School, Perumbavoor. She runs a dance school called Nrithyalaya.

As Aswathy had an introverted nature since childhood, she had not participated in any individual competitions - neither at St. Joseph Girls High School Chengal, where she studied till 10th grade nor at NSS Higher Secondary school, Manikkamangalam, where she did her 12th. But she had participated in Group dance and Thiruvathira at Sub district and District level and won many prizes.

The story did not change at Sri Shankara College Kalady, where she did her UG degree in Physics or at MES College Edathala, where she did her PG in bioinformatics, even though she was continuously encouraged by her dancer sister.

Aswathy started her banking career in 2013 by joining the State Bank of Travancore, Odakali branch. After the merger with SBI, she got transferred to SBI Payipra branch in 2018 and from there to the Nellikuzhi branch in 2021. She got promoted in 2022 and was posted as the service manager in Tanur branch. She is now continuing as the Gold officer at the same branch.

After getting married and having a daughter, Aswathy returned to the stage after many years through a program that was conducted at her daughter's school for mothers. Even then, she hesitated on doing a solo performance.

Due to the continuous insistance from her sister, Aswathy started her dance class since 5th grade along with her sister, under the guidance of Smt. Kalamandalam Sumathi teacher. But she had to take a break in 10th grade. Later in 2018, Aswathy decided to make a come back professionally by learning from her sister at first and later from Shri Ravikumar sir, a Federal Bank retired officer who runs a dance school called Natyalaya.

Today, Aswathy has become a regular presence at her sister's dance school's annual events and TB Meet.
TB has changed Aswathy's life. Friends with similar interests and the encouragement that she got on that platform created a wave of changes in Aswathy.

Aswathy believes that it was TB that made her realise that she had a painter in her. Sudhy, cinematographer of the short movie that she acted in, attests that Aswathy is also a good photographer. Sudhy added that it would not be a surprise if Aswathy, who was also an assistant director on this short film, donned the role of a director in the future.

Realising Aswathy's talent, many prominent members of TB have started inviting her to join

them, and this has enlightened a lot of courage in her.

A face that can flash expression as a dancer, a keenness to follow guidance and a similarity in interests are those qualities in Aswathy that had inspired Anusheelan to cast her as the lead actor in his short film Lift.

Aswathy humbly says she owes her first acting experience to the positive motivation of Sudhy and Anusheelan. Sudhy, who had witnessed and captured her commendable performance behind the camera, expressed that had they not been limited by the time constraints of the film, they would have been able to showcase the true potential of Aswathy to the world.

Aswathy's daughter Devna Karthika, who is now going to the 5th grade, is also getting trained professionally in dancing. Aswathy also continues to attend her own dance lessons. A solo dance performance at the next TB meet: that is her dream!

Aswathy, who excels in painting, chooses alternative media over paper to showcase her talent. The walls of her newly built dream house are one such medium. May those walls be enriched with more and more beautiful artwork. She is also very passionate about photography and now wishes to recover the lost passion with her purchase of a brand new camera. May you capture more beautiful moments with this new gear in your collection.

The TB family wishes Aswathy, her daughter Devna, and her parents, a blessed life of art and creativity at their new home at Vazhakulam, Aluva.